## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4485** **01-07-2024 - ൽ മറുപടിയ്ക്ക്**

## കൊട്ടേക്കാട് പ്രദേശത്തെ വോൾട്ടേജ് വ്യതിയാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ കൊട്ടേക്കാട് പ്രദേശത്തെ രൂക്ഷമായ വോൾട്ടേജ് വ്യതിയാനവും ഓവർലോഡും കാരണം വൈദ്യുതി തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് വടക്കാഞ്ചേരി മണ്ഡലത്തിലെ ചൂലുശ്ശേരിയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് സാങ്കേതിക പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കി വരുന്നു.<br><br>വടക്കാഞ്ചേരി മണ്ഡലത്തിലെ കൊട്ടേക്കാട് പ്രദേശത്തെ കൊട്ടേക്കാട് ഫീഡർ ഓവർലോഡ് ആയതിനാൽ കൊട്ടേക്കാട് ഫീഡറിനെ രണ്ടായി ഭാഗിച്ച ഒരു ഭാഗം കൊട്ടേക്കാട് ഫീഡറിൽ നിന്നും മറുഭാഗം പുഴയ്ക്കൽ ഫീഡറിൽ നിന്നും ഫീഡ് ചെയ്യുന്ന നടപടികൾ സ്വീകരിച്ച് ടി ഭാഗത്തെ ഓവർലോഡ് മൂലമുള്ള വൈദ്യുതി തടസ്സവും വോൾട്ടേജ് വ്യതിയാനവും നിലവിൽ പരിഹരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി മണ്ഡലത്തിലെ ചൂലുശ്ശേരിയിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് നിവേദനം നൽകിയതെന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. ചൂലുശ്ശേരിയിൽ പുതിയ 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.സ്ഥലം എം.എൽ.എ. യുടെ കത്ത് കെ എസ് ഇ ബി എൽ ൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ